നമ്പർ. സി1/585/2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 07/02/2018

## സർക്കുലർ നമ്പർ 03/2018

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – അന്യ സംസ്ഥാനങ്ങളിൽനിന്നും എൻ.ഒ.സി എടുത്തു വരുന്ന വാഹനങ്ങൾക്ക് പുതിയ നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ ലഘൂകരണം – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :- 22-07-2008-ലെ 19/2008 എന്ന സർക്കുലർ

അന്യ സംസ്ഥാനങ്ങളിൽനിന്നും എൻ.ഒ.സി എടുത്തുവരുന്ന വാഹനങ്ങൾക്ക് പുതിയ നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് അപേക്ഷകൾ പല ഓഫീസുകളിലും തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇത് വാഹന ഉടമകൾക്ക് വലിയ പ്രയാസം സൃഷ്ടിക്കുന്നു. അയതിനാൽ, അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് എൻ.ഒ.സി എടുത്തുവരുന്ന വാഹനങ്ങളുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ 19/2008 എന്ന സർക്കുലർ പിൻവലിക്കുകയും താഴെ പറയുന്ന പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

1. അന്യ സംസ്ഥാനത്ത് നിന്നും എൻ.ഒ.സി എടുത്ത് സംസ്ഥാനത്ത് പുതിയ നമ്പറിന് വേണ്ടി സമർപ്പിക്കുന്ന ഫാം 27 ലെ അപേക്ഷകളോടൊപ്പം Annexure I ൽ പ്രതിപാദിച്ചിരിക്കുന്ന രേഖകളും സമർപ്പിക്കേണ്ടതാണ്.

2. മേൽ പറഞ്ഞ രേഖകൾ ഓഫീസ് പി.ആർ.ഒ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അപേക്ഷകനെ റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ മുൻപാകെ അന്നേദിവസം തന്നെ ഹിയറിംങിന് ഹാജരാകുവാനായി നിർദ്ദേശം നൽകേണ്ടതാണ്.

3. റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഫയൽ പരിശോധിച്ച് വാഹനത്തിന്റെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ 'Vahan' എന്ന സോഫ്റ്റ്‌വെയറുമായി ഒത്തുനോക്കേണ്ടതാണ്. മാത്രമല്ല വാഹനത്തെ സംബന്ധിച്ച് എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ എന്നത് സംബന്ധിച്ച് എൻ.സി.ആർ.ബി (NCRB) യുടെ വെബ്സൈറ്റ് കൂടി പരിശോധിക്കേണ്ടതാണ്. മേൽ പരിശോധനയിൽ അപേക്ഷയ്ക്ക് അപാകതകൾ ഒന്നും ഇല്ലായെങ്കിൽ അപേക്ഷകനെ ഹിയറിംങ് നടത്തേണ്ടതും ഫീസും ടാക്സും എടുക്കുവാനും, വാഹനം പരിശോധിക്കുവാനും അന്നേദിവസം നിർദ്ദേശം നൽകി അപേക്ഷ തിരിച്ചു നൽകേണ്ടതുമാണ്.

(NB: വാഹനത്തിന്റെ വിശദാംശങ്ങൾ 'Vahan' Software –ൽ ലഭ്യമല്ലായെങ്കിൽ ഇക്കാര്യം രേഖപ്പെടുത്തി വാഹനത്തിന് ഫീസ്, ടാക്സ് എന്നിവ സ്വീകരിച്ച് വാഹന പരിശോധനയും നടത്തിയശേഷം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് രജിസ്റ്റേഡ് പോസ്റ്റിൽ (with acknowledgement due) NOC യുടെ genuineness ആരാഞ്ഞുകൊണ്ട് കത്ത് അയക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വാഹനത്തിന് പുതിയ നമ്പർ അനുവദിക്കേണ്ടതാണ്. എന്നാൽ Acknowledgement ലഭിച്ച് ഒരു മാസംവരെ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയിൽനിന്നും മറുപടി ലഭ്യമാകുന്നില്ലയെങ്കിൽ വാഹനത്തിനു പുതിയ നമ്പർ അനുവദിക്കേണ്ടതാണ്.)

4. Counter Clerk വാഹനത്തിന്റെ ഫീസും ടാക്സും ഓൺലൈൻ വഴിയോ അല്ലാതെയോ സ്വീകരിക്കേണ്ടതും വാഹനം പരിശോധനയ്ക്ക് ഹാജരാക്കുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്

5. പരിശോധനയ്ക്കായി ഹാജരാക്കുന്ന വാഹനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാഹനത്തിന്റേയും അപേക്ഷയുടേയും ആധികാരികത (genuineness) പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനയിൽ അപാകതകൾ ഒന്നും ഇല്ലായെങ്കിൽ വാഹനത്തിന് അതേ ദിവസം നമ്പർ അനുവദിക്കേണ്ടതാണ്. ഒരു കാരണവശാലും അപാകതകൾ ഇല്ലാത്ത അപേക്ഷകൾ അന്നേദിവസം നമ്പരിടാതെ മാറ്റിവയ്ക്കുവാനോ സെക്ഷനിൽ ഏൽപ്പിക്കുവാനോ പാടുള്ളതല്ല.

6. പുതിയ നമ്പർ ലഭിച്ച ഇത്തരം അപേക്ഷകൾക്ക് പുതിയ വാഹനങ്ങൾക്ക് നൽകുന്ന ആർ.സിയോടൊപ്പംതന്നെ ആർ. സി. ബുക്കുകൾ നൽകേണ്ടതാണ്. അതോടൊപ്പം എൻ.ഒ.സിയുടെ genuineness ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതും ലഭിക്കുന്ന Genuineness Certificateകൾ ഫയലിനോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതുമാണ്. ടി ഫയലുകൾ വളരെ ശ്രദ്ധയോടെ ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്/സൂപ്പർവൈസറി ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്.

7. വാഹന പരിശോധനയിൽ അപേക്ഷയിലെ വിവരങ്ങളും വാഹനത്തിന്റെ വിശദാംശങ്ങളും യോജിക്കുന്നില്ലായെങ്കിൽ അത് വിശദമായി രേഖപ്പെടുത്തി ഫയൽ സെക്ഷനിൽ സമർപ്പിക്കേണ്ടതും ഓഫീസിൽനിന്നും നടപടിക്രമം വഴി അപേക്ഷ നിരസിക്കേണ്ടതുമാണ്. എന്നാൽ നിസ്സാരകാര്യങ്ങൾ പറഞ്ഞ അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളതല്ല.

8.അപേക്ഷകന് പുതിയ രജിസ്ട്രേഷൻ നമ്പർ റിസർവ്വ് ചെയ്യുവാൻ താൽപര്യമുണ്ടെങ്കിൽ ഹിയറിംഗ് സമയത്ത് തന്നെ ഇക്കാര്യം റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ വെള്ള പേപ്പറിലെ അപേക്ഷ വഴി അറിയിക്കേണ്ടതും വാഹന പരിശോധന കഴിഞ്ഞ് ഉദ്യോഗസ്ഥൻ വാഹനത്തിന് പുതിയ നമ്പർ ഇടാതെ അപേക്ഷ ബന്ധപ്പെട്ട സെക്ഷനിൽ ഏൽപ്പിക്കേണ്ടതുമാണ്. ഹിയറിംഗ് കഴിഞ്ഞ് 7 ദിവസം വരെ അപേക്ഷകന് നമ്പർ റിസർവ്വ് ചെയ്യുവാൻ അവസരം

നൽകേണ്ടതാണ്. നമ്പർ ബുക്ക് ചെയ്യുന്നതിനും അനുവദിക്കുന്നതിനും സർക്കുലർ 23/2015 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഈ സർക്കുലർ ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്/-
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസരും
എല്ലാ ചെക്ക്പോസ്റ്റ് എം.വി.ഐമാരും

മോട്ടോർവാഹന വകുപ്പ്, കേരള

ANNEXURE I

FORM OF AFFIDAVIT SUBMITTED ALONG WITH RMA APPLICATION

Affidavit filed by...................................................

......................................... (Name & address) before the registering authority under section 47 of MV Act 1988.

I have purchased a Motor Car, Motor Cycle bearing registration Number ..................... , With Chassis No.............................and Engine No. ..................................fom Sri. ...............................................(Name & address) and brought to this state on......................(In the case of Transfer of ownership)
The vehicle ................. stands registered in my name by Registering Authority ............................wef ..................Since I have changed my place of residence to.................................. ................................................................and thereby producing the vehicle to .............................. office for inspection.
(In case of change of address)

The following documents also produced.

1. Application for assignment for new registration mark to a motor vehicle in form 27 duly filled and singed.
2. NOC in form 28 with pencil print of chassis affixed therein issued from registering authority..........................................
3. Notice of transfer of ownership of motor vehicle in form 29 notice of change of address in form 33 with duplicate duly filled and signed.
4. Application for intimation and transfer of ownership in form 30 duly filled and signed.
5. Valid certificate of registration
6. Valid certificate of Insurance
7. Pollution Under Control Certificate.
8. Copy of PAN card or form 60 declaration (Not needed in the case of 2 wheeler or change of motor car)
9. Proof of Residence.
10. Proof of legal presence in India in addition to proof of Residence in the case of foreigners.

I hereby solemnly affirm and declare that I am the legal owner of the vehicle vehicle and its above documents and the vehicle are genuine.

I hereby declare that there are no departmental or any other action pending against this vehicle and the vehicle is not involved in any theft or superandi casee.

I unconditionally hereby undertake that I will be responsible and bound to clear any dues or any other actions regarding theft or forged documents if found later on and to suffer any action taken against me relating to this vehicle even prior to the date of purchase/removal to this state.

To the best of my knowledge and belief, I have not suppressed any facts or information. All facts, information and details furnished above and in the forms and documents produced are true and genuine and also I undertake to hold myself responsible for any inaccuracy of documents, information and for all kinds of losses to the Government.

Read over and what is stated above is true and correct.

Photograph

(Attested by Notary Public)

(Affix Notary Stamp)

Signature of the applicant
Address:

ks